

പള്ളിക്കൂദാശാ കാലം
നാലാം ഞായർ

എമ്മാവൂസ്
വചനദൂത്

# ക്രിസ്തു ഈ ലോകത്തിന്റെ നാഥൻ

(മത്തായി 22:41 – 46)

Vol. 11, Issue: 27

ബ്ര. സെബാസ്റ്റ്യൻ കോയിക്കര MSJ

**ഈ**ശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ, വരാനിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനത്തെ ഓർമ്മിപ്പിക്കുന്ന പള്ളിക്കൂദാശാക്കാലത്തിലെ ഈ നാലാം ഞായറാഴ്ച മിശിഹായുടെ രാജത്വത്തിരുനാൾ നമ്മൾ ആചരിക്കുകയാണ്. 1925 – ൽ 11 – ാം പിയൂസ് പാപ്പായാണ് ഈ തിരുനാൾ ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഒന്നാം ലോക മഹായുദ്ധാനന്തരം രാജാക്കന്മാരുടെയും ഏകാധിപതികളുടെയും കിരാതഭരണത്തിൽ രാജ്യങ്ങൾ ഞെരിഞ്ഞമർന്നു. എവിടെയും അനീതിയും അധികാരക്കൊതിയും നടമാടി. രാഷ്ട്രങ്ങൾ തമ്മിൽ ശത്രുത വളർന്നു. ഈ അവസരത്തിലാണ് നിത്യം നിലനിൽക്കുന്ന രാജ്യത്തെയും, സ്നേഹത്തിൽ ഭരണം നടത്തുന്ന രാജാവിനെയും ലോകത്തിനു പരിചയപ്പെടുത്തിക്കൊണ്ട്, ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കാൻ മാർപാപ്പ ആഹ്വാനം ചെയ്തത്.

വി. മത്തായിയുടെ സുവിശേഷം 22 – ാം അദ്ധ്യായത്തിൽ നിയമജ്ഞരും ഫരിസേയരും സദുക്കായരും യേശുവിനെ വാക്കിൽ കുടുക്കാൻ ശ്രമിക്കുന്നു. 'എന്ത് അധികാരത്തിലാണ് നീ ഇതൊക്കെ ചെയ്യുന്നത്?' 'സീസറിന് നികുതി കൊടുക്കുന്നത് നിയമാനുസൃതമോ?' 'പുനരുത്ഥാനത്തിൽ അവൾ ഏഴു പേരിൽ ആരുടെ ഭാര്യ ആയിരിക്കും?' 'നിയമത്തിലെ അതിപ്രധാന കൽപന ഏത്?' എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് യേശുവിനെ വാക്കിൽ കുടുക്കാൻ പ്രതിയോഗികൾ ശ്രമിക്കുന്നതാണ് സുവിശേഷ പശ്ചാത്തലം.

തന്റെ സ്നേഹത്തിലധിഷ്ഠിതമായ പ്രബോധനങ്ങൾക്കെതിരെ ശാസ്ത്രീയമായ ചോദ്യങ്ങളുമായി വന്ന നിയമജ്ഞരുടെയും ഫരിസേയരുടെയും കപടമുഖം തുറന്നുകാട്ടി അവരോട് യേശു ഒരു ചോദ്യം ഉന്നയിക്കുകയാണ്. 'ക്രിസ്തു ആരുടെ പുത്രനാണ്?'

ക്രിസ്തു ആരെന്ന് തിരിച്ചറിയാനുള്ള, ഹൃദയങ്ങൾ തുറക്കാനുള്ള ക്ഷണമാണ് യേശുവിന്റെ ചോദ്യം. മിശിഹായെക്കുറിച്ച് വിശുദ്ധ ലിഖിതങ്ങളിൽ പറഞ്ഞിരിക്കുന്നവ മുഴുവൻ മനഃപാഠമാക്കിയിരിക്കുന്നവർക്ക്, രക്ഷകനെ പ്രതീക്ഷിച്ച് കാത്തിരുന്നവർക്ക് അവൻ കടന്നുവന്നപ്പോൾ തിരിച്ചറിയാൻ സാധിക്കുന്നില്ല. ഫരിസേയരുടെയും നിയമജ്ഞരുടെയും അന്ധതയെ തുറന്നുകാട്ടുന്നതായിരുന്നു യേശുവിന്റെ ചോദ്യം. 'ക്രിസ്തു ആരുടെ പുത്രനാണ്' എന്ന ചോദ്യത്തിന് 'ദാവീദിന്റെ' എന്ന മറുപടിയാണ് ഫരിസേയർ നൽകുന്നത്. ക്രിസ്തു ദാവീദിന്റെ വംശത്തിൽ പിറക്കുന്ന രാജാവും വിമോചകനുമാകുമെന്ന് യഹൂദർ പ്രതീക്ഷിച്ചിരുന്നു.

ക്രിസ്തു ദാവീദിന്റെ പുത്രനാണ് എന്ന് ഫരിസേയർ മറുപടി പറഞ്ഞപ്പോൾ, യേശു അവരോട് മറ്റൊരു ചോദ്യം ചോദിക്കുകയാണ്: 'ക്രിസ്തു ദാവീദിന്റെ പുത്രനാണ് എങ്കിൽ ദാവീദ് എങ്ങനെയാണ് കർത്താവ് എന്ന് മിശിഹായെ വിളിക്കുന്നത്?' സ്വന്തം വംശത്തിൽ പിറന്നവനെ എങ്ങനെ കർത്താവ് എന്നു വിളിക്കാൻ കഴിയും എന്നതാണ് ചോദ്യത്തിന്റെ സാരാംശം. തന്റെ ചോദ്യം സാധൂകരിക്കുന്നതിനായി

യേശു 110-ാം സങ്കീർത്തനം ഉദ്ധരിക്കുന്നു: ''കർത്താവ് എന്റെ കർത്താവിനോട് അരുൾചെയ്തു: നീ എന്റെ വല തുവശത്തിരിക്കുക'' എന്ന വാക്യത്തിൽ ദാവീദ് ക്രിസ്തുവിനെ കർത്താവ് എന്ന് അഭിസംബോധന ചെയ്തിട്ടുണ്ട്. ഈ സങ്കീർത്തനം, വരാനിരിക്കുന്ന ക്രിസ്തുവിനെക്കുറിച്ചാണെന്ന് ഫരിസേയർ കരുതിയിരുന്നു. പാരമ്പര്യമനുസരിച്ച് ദാവീദിന്റെ പുത്രനായ ക്രിസ്തുവാണ് രക്ഷകനായി അഭിഷേകം ചെയ്യപ്പെടേണ്ടത്. എന്നാൽ ദാവീദ് രചിച്ചതെന്നു പറയപ്പെടുന്ന ഈ സങ്കീർത്തനത്തിൽ മിശിഹായെ, ദാവീദ് കർത്താവ് എന്നു വിളിക്കുന്നു. അത് എന്തുകൊണ്ടാണ്?

വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ ദാവീദിന്റെ കുടുംബത്തിൽ പിറക്കുമെന്നും അവൻ യഹൂദരെ സ്വതന്ത്രരാക്കും എന്നുമല്ലാതെ മറ്റൊന്നും ഫരിസേയർക്കും അറിയില്ലായിരുന്നു. അതിനാൽ തന്നെ അവർക്ക് യേശുവിന്റെ ചോദ്യത്തിന് ഉത്തരം നൽകാൻ കഴിഞ്ഞില്ല.

യഥാർത്ഥത്തിൽ എന്താണ് യേശു ഈ ചോദ്യം കൊണ്ട് അർത്ഥമാക്കുന്നത്? ദാവീദിന്റെ പുത്രൻ എന്നറിയപ്പെടുന്ന ക്രിസ്തു, ജനനക്രമം അനുസരിച്ച് ദാവീദിന്റെ വംശത്തിൽ പിറന്നവനാണെങ്കിലും അവൻ ദൈവപുത്രനാണ്. ദാവീദിന്റെയും കർത്താവാണ് എന്ന സത്യമാണ് ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. ക്രിസ്തു ദാവീദിന്റെ കർത്താവുമാണ്. യഥാർത്ഥത്തിൽ യേശു തന്റെ ദൈവൈക്യം വെളിപ്പെടുത്തിയിരിക്കുകയാണിവിടെ. ക്രിസ്തു എന്ന രാജാവിനെ വ്യത്യസ്തനാക്കുന്നത് അവൻ പാലിച്ചുപോന്ന ദൈവൈക്യമാണ്. ദൈവവുമായി നിരന്തരം ബന്ധം പുലർത്തുന്നവർക്കേ നല്ല രാജാവായിരിക്കാൻ സാധിക്കൂ എന്നതിന് ക്രിസ്തുജീവിതം വലിയൊരു സാക്ഷ്യമാണ്. 2000 വർഷങ്ങൾക്കുശേഷവും ഇന്നും ക്രിസ്തുവും അവന്റെ ദൈവരാജ്യമൂല്യങ്ങളും മനുഷ്യൻ വിലമതിക്കുന്നത് അതുകൊണ്ടാണ്.

ക്രിസ്തു രാജാവാണ്. അവിടുത്തേയ്ക്ക് വെളിപാട് ഗ്രന്ഥം നൽകുന്ന ശീർഷകം, 'നാഥന്മാരുടെ നാഥനും, രാജാക്കന്മാരുടെ രാജാവും' എന്നാണ്. പീലാത്തോസ് പ്രത്തോറിയത്തിൽ വച്ച് നിർണ്ണായകമായ ചോദ്യം ചോദിക്കുന്നു: ''നീ യഹൂദന്മാരുടെ രാജാവാണോ?'' ഇതിനു മറുപടിയായി യേശു തന്റെ രാജത്വത്തെക്കുറിച്ച് പ്രഖ്യാപിക്കുന്നു. ''എന്റെ രാജ്യം ഐഹികമല്ല.'' അതെ, അവിടുത്തെ രാജ്യം ഐഹികമല്ല. അവിടുത്തെ രാജ്യം ലോകത്തിന്റേതല്ല. സാമ്രാജ്യങ്ങൾ തകരും, സിംഹാസനങ്ങൾ മറിഞ്ഞുവീഴും. പക്ഷേ, ക്രിസ്തുവിന്റെ രാജ്യവും ഭരണവും എന്നും നിലനിൽക്കും. അവിടുത്തെ രാജത്വത്തിന്റെ വ്യത്യസ്തത കൊണ്ട് ജീവിതകാലത്ത് ക്രിസ്തുവിനെ യഹൂദർ രാജാവായി തിരിച്ചറിഞ്ഞില്ല എന്നതാണ് സത്യം.

ദാവീദിന്റെ വംശത്തിൽ പിറന്നവനാണെങ്കിലും അവന്റെ ജനനം പുൽത്തൊഴുത്തിലായിരുന്നു. ഈജിപ്തിലേയ്ക്ക് മാതാപിതാക്കളോടൊപ്പം ഒളിച്ചോടിയതും രാജത്വത്തിന്റെ യാതൊരു അവകാശവാദങ്ങളും ഇല്ലാതെയായിരുന്നു. മുപ്പതു വർഷക്കാലം ആരാലും അറിയപ്പെടാതെ രാജാവായവൻ നസ്രത്തിൽ ഒതുങ്ങിക്കഴിഞ്ഞു.

ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നതുപോലെ തന്റെ അജഗണങ്ങൾക്കുവേണ്ടി കുരിശിൽ ജീവൻ ബലിയർപ്പിച്ച നല്ല ഇടയനാണവൻ. സ്നേഹമായിരുന്നു അവന്റെ ശക്തി. മനുഷ്യഹൃദയങ്ങളായിരുന്നു അവന്റെ രാജ്യം. വാക്ക്പരിചയം കൊണ്ട് ഭൂമിയിലെ രാജാക്കന്മാർ യുദ്ധം ജയിച്ചപ്പോൾ ക്രിസ്തു വിജയം വരിച്ചത് സ്നേഹവും സഹനവും കൊണ്ടാണ്. രാജാക്കന്മാർ രാജ്യങ്ങൾ കീഴടക്കിയപ്പോൾ കുരിശിലൂടെ അവൻ കീഴടക്കിയത് ജനമനസ്സുകളാണ്. അവൻ രാജാവായി വാഴാൻ ആഗ്രഹിച്ചത്, തന്റെ രക്തം വിലയായി നൽകി വീണ്ടെടുത്ത ജനമനസ്സുകളിലാണ്.

കുടുംബപ്രതിഷ്ഠാ പ്രാർത്ഥനയിൽ നമ്മൾ ആവർത്തിച്ചു ചൊല്ലുന്ന പ്രാർത്ഥനയാണ് 'ഞങ്ങളുടെ കുടുംബത്തിൽ അങ്ങ് രാജാവായി വാഴണമേ' എന്ന്. വീടിന്റെ കട്ടിളപ്പടിയിൽ നം എഴുതിവയ്ക്കും 'ക്രിസ്തു ഈ ഭവനത്തിന്റെ നാഥൻ,' വാഹനങ്ങളിൽ കൊന്തയും കുരിശും തൂക്കുമ്പോഴും കുരിശു വരച്ച് എഴുന്നേൽക്കുമ്പോഴും നമ്മൾ ക്രിസ്തുവിന്റെ രാജത്വത്തെ അംഗീകരിക്കുകയാണ്. എന്നാൽ യാഥാർത്ഥ്യമെന്താണ്?

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയിൽ നാം ദിനംപ്രതി ചൊല്ലുന്നു, 'അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ' എന്ന്. എന്നാൽ സ്വന്തം മനോരാജ്യങ്ങളോട് 'ഗുഡ് ബൈ' പറയാൻ നമുക്ക് സാധിക്കുന്നില്ല. എവിടെയും എനിക്ക് ഒന്നാമനാകണം, ഞാൻ പറയുന്നതാണ് ശരി, അത് എല്ലാവരും അംഗീകരിക്കണം എന്നിങ്ങനെയുള്ള നിലപാടുകൾ സ്വീകരിക്കുമ്പോൾ നാം ഓർക്കണം, ഗത്സമെനിൽ എന്റെ ഇഷ്ടമല്ല, പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്നു പ്രാർത്ഥിച്ച ക്രിസ്തു എന്ന രാജാവിനെ തന്നെയാണോ ഞാൻ അനുഗമിക്കുന്നതെന്ന്.

എന്റെ രാജ്യം ഇവിടെയല്ല എന്നുപറഞ്ഞ ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആചരിക്കപ്പെടുന്നത്, മരിച്ചവരെ പ്രത്യേകമായി ഓർക്കുന്ന നവംബർ മാസത്തിന്റെ സമാപനത്തിലാണെന്നത് വെറുമൊരു ആകസ്മികതയല്ല. ലോകരാജ്യങ്ങളെ വെട്ടിപ്പിടിച്ച് മുന്നേറിയ നെപ്പോളിയൻ വിഷാദരോഗം ബാധിച്ച് തടവുകാരനായി കഴിയിമ്പോൾ പറഞ്ഞു: ''ഒരു രാജ്യവും നിലിൽക്കുന്നില്ല. നസ്രായന്റേതൊഴികെ.''

പ്രിയമുള്ളവരേ, ഈ ലോകജീവിതം നൽകന്ന സന്തോഷങ്ങളിൽ അഭിരമിച്ച് ക്രിസ്തുവിന്റെ രാജ്യത്തെ മറക്കാതിരിക്കാൻ നമുക്ക് പരിശ്രമിക്കാം, നാം ആയിരിക്കുന്ന ഇടങ്ങളിൽ വലിയവനാകാനുള്ള നമ്മുടെ ആഗ്രഹത്തിൽ നിന്നു പിന്മാറാം. ക്രിസ്തുവിന്റെ രാജ്യവും അതിന്റെ മൂല്യങ്ങളും നാം ആയിരിക്കുന്ന ഇടങ്ങളിൽ സംജാതമാക്കാൻ നമുക്ക് പരിശ്രമിക്കാം. സ്വർഗ്ഗഭൂലോകങ്ങളുടെ രാജാവായ യേശുക്രിസ്തുവിന്റെ രാജത്വത്തിരുനാൾ ആഘോഷിക്കുമ്പോൾ നമുക്കും പ്രാർത്ഥിക്കാം, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ, ആമ്മേൻ.